# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.12.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) **ഇന്ന് അന്താരാഷ്ട്ര മനുഷ്യാവകാശ ദിനം. ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയാകും.**

   **Today is International Human Rights Day. President Draupadi Murmu will be the chief guest in the event in New Delhi.**

2) **ബീമാ സഖി യോജനയിലൂടെ രാജ്യത്തെ സ്ത്രീകൾക്കിടയിൽ സാമ്പത്തിക സാക്ഷരതയും ഇൻഷുറൻസ് അവബോധവും ഉറപ്പാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**

   **Prime Minister Narendra Modi said, Government aims to ensure financial literacy and insurance awareness for women in the country through Bima Sakhi Yojana.**

3) **രാജ്യത്തെ സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് ഭക്ഷണം ലഭ്യമാക്കുന്ന പി.എം പോഷൺ പദ്ധതി വിഹിതം വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ.**

   **The Union Government has increased fund allocation of PM Poshan Scheme which provides food to children in government-aided schools across the country.**

4) **സിറിയൻ അഭയാർത്ഥികളുടെ അപേക്ഷകൾ പരിഗണിക്കുന്നത് ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ നിർത്തിവച്ചതായി യൂറോപ്യൻ രാജ്യങ്ങൾ.**

   **European countries have put asylum applications from Syrians on hold until further notice.**

5) **ഏഴിമല നാവിക അക്കാദമിയിൽ അഡ്മിറൽ കപ്പ് പായ് വഞ്ചിയോട്ട മത്സരങ്ങൾ ഇന്ന്.**

**Admiral's Cup yachting Boat race to be held at Ezhimala Naval Academy today.**

6) **ഒമാനിൽ നടക്കുന്ന ഏഷ്യ കപ്പ് വനിത ജൂനിയർ ഹോക്കിയിൽ മലേഷ്യയ്ക്കെതിരെ ഇന്ത്യയ്ക്ക് ജയം.**

**India defeated Malaysia in the Women's Junior Asia Cup hockey in Oman.**

*****************************************

## REV. HUMAN RIGHTS DAY

ഇന്ന് അന്താരാഷ്ട്ര മനുഷ്യാവകാശ ദിനം.മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഖ്യാപനത്തിന്റെ സ്മരണയ്ക്കായാണ് എല്ലാ വർഷവും ഡിസംബർ 10 മനുഷ്യാവകാശ ദിനമായി ആചരിക്കുന്നത്. **"നമ്മുടെ അവകാശങ്ങൾ, നമ്മുടെ ഭാവി, ഇപ്പോൾ"** എന്നതാണ് ഈ വർഷത്തെ പ്രമേയം. മെച്ചപ്പെട്ട ഭാവി സൃഷ്ടിക്കാൻ വ്യക്തികളെയും സമൂഹങ്ങളെയും ശാക്തീകരിക്കുന്നതിനുള്ള ഉപാധിയാണ് മനുഷ്യാവകാശം എന്നതാണ് ഈ പ്രമേയം അർത്ഥമാക്കുന്നത്.

*****************************************

## PREZ - HUMAN RIGHTS DAY

മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് പങ്കെടുക്കും. ദിനാചരണത്തിന് ശേഷം മാനസിക ക്ഷേമത്തെക്കുറിച്ചുള്ള ദേശീയ കോൺഫറൻസും നടക്കുമെന്ന് മനുഷ്യാവകാശ കമ്മീഷൻ അറിയിച്ചു. മനുഷ്യാവകാശ ലംഘനവുമായി ബന്ധപ്പെട്ട് 23 ലക്ഷത്തിലധികം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും മനുഷ്യാവകാശ ലംഘനത്തിന് ഇരയായവർക്ക് ആശ്വാസമായി 256 കോടി രൂപ ശുപാർശ ചെയ്തിട്ടുണ്ടെന്നും കമ്മീഷൻ പ്രസ്താവനയിൽ വ്യക്തമാക്കി.

***********************************************

# HUMAN RIGHTS - STATE

മനുഷ്യാവകാശ ദിനാഘോഷത്തോടനുബന്ധിച്ച് കേരളത്തിലും വിപുലമായ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന പരിപാടി മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യും. സുപ്രീംകോടതി മുൻ ജഡ്ജി ജസ്റ്റിസ് കെ എം ജോസഫ് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തും. മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മനുഷ്യാവകാശ പ്രതിജ്ഞ എടുക്കും.

***********************************************

# NHRC CHAIRPERSON- HUMAN RIGHTS DAY

ഇന്ത്യയുടെ **സർവ്വേ ഭവന്തു സുഖ്ന** എന്ന ചിന്ത അടിസ്ഥാനമാക്കി ഓരോ വ്യക്തിയും മാനുഷിക അവകാശങ്ങൾക്കായി നിലകൊള്ളണമെന്ന് ദേശീയ മനുഷ്യാവകാശ കമ്മിഷൻ ആക്ടിങ് ചെയർപേഴ്സൺ വിജയ ഭാരതി സയാനി. മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് നൽകിയ സന്ദേശത്തിലാണ് അവർ ഇപ്രകാരം അഭിപ്രായപ്പെട്ടു. രാജ്യത്തെ ഓരോ വ്യക്തയുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിന് കമ്മീഷൻ പ്രതിജ്ഞാബദ്ധമാണെന്ന് ശ്രീമതി വിജയ ഭാരതി പറഞ്ഞു.

***********************************************

# PM- BIMA SAKHI – (INTRO)

ബീമാ സഖി യോജനയിലൂടെ രാജ്യത്തെ സ്ത്രീകൾക്കിടയിൽ സാമ്പത്തിക സാക്ഷരതയും ഇൻഷുറൻസ് അവബോധവും ഉറപ്പാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഹരിയാനയിലെ പാനിപ്പത്തിൽ ബീമാ സഖി

യോജനക്ക് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. ബേട്ടി ബചാവോ ബേട്ടി പഠാവോ ഉൾപ്പെടെ, 10 വർഷത്തിനിടെ

രാജ്യത്ത് സ്ത്രീ ശാക്തീകരണത്തിനായി നിരവധി പദ്ധതികളാണ് കേന്ദ്ര സർക്കാർ നടപ്പിലാക്കിയത്. ഗ്രാമങ്ങളിലേക്ക് ബാങ്കിംഗ് സേവനങ്ങൾ എത്തിക്കുന്നതിൽ സ്ത്രീകൾ നിർണായക പങ്ക് വഹിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു.

**(HOLD VOICE.........)**

ബീമാ സഖി യോജന പ്രകാരം പത്താം ക്ലാസ് പാസായ,

18 മുതൽ 70 വയസ്സ് വരെ പ്രായമുള്ള സ്ത്രീകൾക്ക് ആദ്യ മൂന്ന് വർഷത്തേക്ക് പ്രത്യേക പരിശീലനവും സ്റ്റൈപ്പൻഡും നൽകും. ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ

സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.
ബീമാ സഖി യോജനയ്ക്ക് കീഴിൽ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് ലക്ഷത്തിലധികം സ്ത്രീകളെ നിയമിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് ചടങ്ങിൽ പങ്കെടുത്ത കേന്ദ്രധനമന്ത്രി നിർമല

സീതാരാമൻ പറഞ്ഞു.

**(HOLD VOICE.........)**

*******************************************

## PM - NOIDA AIRPORT

ദേശീയ തലസ്ഥാനവും ഉത്തർപ്രദേശും തമ്മിൽ വ്യോമ മാർഗം ബന്ധിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ നിർമാണത്തിലിരിക്കുന്ന നോയിഡ അന്താരാഷ്ട്ര വിമാനത്താവളത്തിന് സാധിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മികച്ച അടിസ്ഥാന സൗകര്യം ഉറപ്പാക്കുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ച് വരുന്നതായി അദ്ദേഹം സമൂഹ മാധ്യമമായ എക്സിൽ പങ്കുവെച്ച പോസ്റ്റിൽ പറഞ്ഞു.

*******************************************

## POSHAN - MATERIAL COST

പ്രധാൻ മന്ത്രി പോഷൺ ശക്തി നിർമാൺ പദ്ധതി വഴി ലഭ്യമാക്കുന്ന ഭക്ഷ്യവസ്തുകൾക്കായുള്ള ചെലവ് 13.70 ശതമാനം വർദ്ധിപ്പിച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം. പ്രൈമറി, ബാല വാടിക ക്ലാസുകൾക്ക് ചെലവ് 5 രൂപ 45 പൈസയിൽ നിന്ന് 6 രൂപ 19 പൈസയായും അപ്പർ പ്രൈമറി ക്ലാസുകൾക്ക് 8 രൂപ 17 പൈസയിൽ നിന്ന് 9 രൂപ 29 പൈസയായും ഉയർത്തിയിട്ടുണ്ട്. പുതുക്കിയ നിരക്ക് ഈ മാസം ഒന്ന് മുതൽ പ്രാബല്യത്തിൽ വന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ഇതിനായ് വരുന്ന 425 കോടി രൂപയുടെ അധികച്ചെലവ് കേന്ദ്ര സർക്കാർ വഹിക്കും.

*********************************************

## SYRIA-MEA STATEMENT

സിറിയയുടെ ഐക്യം, പരമാധികാരം, അതിർത്തി എന്നിവ സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്ന് ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം. സിറിയയിലെ സ്ഥിതിഗതികൾ നിരീക്ഷിച്ച് വരുന്നതായും മുഴുവൻ ജനങ്ങളുടെയും അഭിലാഷത്തെ മാനിച്ചുകൊണ്ടുള്ള സമാധാനപരമായ രാഷ്ട്രീയ വികസനമാണ് ഇന്ത്യ പിന്താങ്ങുന്നതെന്നും മന്ത്രാലയം വ്യക്തമാക്കി.

*********************************************

## EUROPE - SYRIANS ASYLUM

സിറിയൻ അഭയാർത്ഥികളുടെ അപേക്ഷകൾ പരിഗണിക്കുന്നത് ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ നിർത്തിവെച്ചതായി യൂറോപ്യൻ രാജ്യങ്ങൾ. സിറിയൻ തലസ്ഥാനം വിമതർ പിടിച്ചെടുക്കുകയും 13 വർഷത്തെ ആഭ്യന്തര യുദ്ധത്തിന് ശേഷം പ്രസിഡന്റ് ബാഷർ അൽ - അസദ് റഷ്യയിലേക്ക് പലായനം ചെയ്തതിന്റേയും പശ്ചാതലത്തിലാണ് പുതിയ തീരുമാനം. സിറിയയിലെ രാഷ്ട്രീയ സംഭവ വികാസങ്ങളിൽ വ്യക്തത

വന്നതിന് ശേഷം മാത്രം അപേക്ഷകളിൽ തീരുമാനമെടുക്കുമെന്ന് ജർമനി അറിയിച്ചു. സിറിയയിലെ നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തി വരികയാണെന്ന് ബ്രിട്ടൻ പ്രതികരിച്ചു.

******************************************

**RAJNATH SINGH**

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങും റഷ്യൻ പ്രതിരോധ മന്ത്രിയും ഇന്ത്യ റഷ്യ സൈനിക സഹകരണവുമായി ബന്ധപ്പെട്ട കമ്മീഷന്റെ 21-ാ മത് യോഗത്തിൽ ഇന്ന് അദ്ധ്യക്ഷത വഹിക്കും. ഇരുരാജ്യങ്ങളും തമ്മിലുള്ള സൈനിക സഹകരണം അവലോകനം ചെയ്യും. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഞായറാഴ്ചയാണ് ശ്രീ. രാജ്നാഥ് സിങ് റഷ്യയിലെത്തിയത്.

******************************************

**S.M.KRISHNA**

മുൻ കേന്ദ്ര വിദേശകാര്യ മന്ത്രിയും കർണാടക

മുൻ മുഖ്യമന്ത്രിയും ആയിരുന്ന എസ്.എം കൃഷ്ണ അന്തരിച്ചു. 92 വയസായിരുന്നു. ഇന്ന് പുലർച്ചെ ബംഗളുരുവിലെ സ്വവസതിയിലായിരുന്നു അന്ത്യം. 2004 മുതൽ 2008 വരെ മഹാരാഷ്ട്ര ഗവർണറുമായിരുന്നു. 2023-ൽ പത്മ പുരസ്കാരം നൽകി രാജ്യം ആദരിച്ചിട്ടുണ്ട്.

******************************************

**JAISANKAR**

വ്യാപാരം, നിക്ഷേപം, പ്രതിരോധം, സമുദ്രസുരക്ഷ

തുടങ്ങിയവയിൽ ബഹ്റൈനുമായുള്ള സഹകരണം

മെച്ചപ്പെട്ടതായി വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ. മനാമയിൽ നടന്ന നാലാമത് ഇന്ത്യ-ബഹ്റൈൻ ഹൈ ജോയിന്റ് കമ്മീഷൻ യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു വിദേശകാര്യ മന്ത്രി.

*******************************************

## LS - EMPLOYMENT

പ്രധാനമന്ത്രി ഇന്റേൺഷിപ്പ് പദ്ധതിയുമായി ബന്ധിപ്പിക്കുന്നതിന് മികച്ച 500 കമ്പനികളെ കണ്ടെത്തിയതായി കോർപ്പറേറ്റ് കാര്യ മന്ത്രാലയം. കഴിഞ്ഞ മൂന്ന് വർഷത്തെ ശരാശരി സിഎസ്ആർ ചെലവ് അടിസ്ഥാനമാക്കിയാണ് കമ്പനികളെ തിരഞ്ഞെടുത്തതെന്ന് മന്ത്രാലയം ലോക്സഭയിൽ അറിയിച്ചു.

*******************************************

## PASSING OUT PARADE

വിവിധ ബറ്റാലിയനുകളിൽ പരിശീലനം പൂർത്തിയാക്കിയ പോലീസ് കോൺസ്റ്റബിൾമാരുടെ പാസിങ് ഔട്ട് പരേഡ് ഇന്ന് നടക്കും. തിരുവനന്തപുരം പേരൂർക്കട എസ്.എ.പി ഗ്രൗണ്ടിൽ നടക്കുന്ന പരേഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ അഭിവാദ്യം സ്വീകരിക്കും.

*******************************************

## BY-ELECTION KERALA

കേരളത്തിലെ 31 തദ്ദേശ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് ഇന്ന്. മലപ്പുറം ജില്ലാ പഞ്ചായത്തിലെ തൃക്കലങ്ങോട് വാർഡ് ഉൾപ്പെടെ പതിനൊന്ന് ജില്ലകളിലായി നാല് ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ, 23 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ്.

*******************************************

## KANNUR – EZHIMALA

കണ്ണൂർ- ഏഴിമല നാവിക അക്കാദമിയിൽ അഡ്മിറൽ കപ്പ് പായ് വഞ്ചിയോട്ട മത്സരങ്ങൾ ഇന്ന്. ജപ്പാൻ, ജർമ്മനി, ഫ്രാൻസ്,

ഇറ്റലി, ഓസ്‌ട്രേലിയ, ബ്രിട്ടൺ തുടങ്ങി 25 വിദേശ രാജ്യങ്ങളിൽ നിന്നുള്ളവരുൾപ്പെടെ 28 ടീമുകൾ മത്സരത്തിൽ മാറ്റുരയ്ക്കും.

*******************************************

## HOCKEY - ASIA CUP

ഒമാനിൽ നടക്കുന്ന ഏഷ്യ കപ്പ് വനിത ജൂനിയർ ഹോക്കിയിൽ ഇന്ത്യയ്ക്ക് ജയം. മലേഷ്യയെ ഏകപക്ഷീയമായ 5 ഗോളുകൾക്കാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. മത്സര ചരിത്രത്തിൽ മലേഷ്യയ്ക്കെതിരെ ഇന്ത്യയുടെ തുടർച്ചയായ മൂന്നാം ജയമാണിത്. നാളെ നടക്കുന്ന മത്സരത്തിൽ ഇന്ത്യ ചൈനയെ നേരിടും.

*******************************************

## DEAF CRICKET SERIES

കേൾവി പരിമിതരുടെ ഏകദിന ക്രിക്കറ്റ് പരമ്പരയിൽ ഉജ്ജ്വല വിജയം നേടി ഇന്ത്യൻ ടീം. ശ്രീലങ്കയ്ക്ക് എതിരെ ഈ മാസം 2 മുതൽ 8 വരെ ഡൽഹിയിൽ നടന്ന മത്സരം 5-0 ത്തിനാണ് ഇന്ത്യ സ്വന്തമാക്കിയത്.

*******************************************

## CHESS

ലോക ചെസ് ചാമ്പ്യൻഷിപ്പ് 12-ാം മത്സരത്തിൽ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ഡി. ഗുകേഷ്. നിലവിലെ ചാമ്പ്യൻ ചൈനയുടെ ഡിംഗ് ലിറനോട് പരാജയപ്പെട്ടു. ഇതോടെ ഇരുവരും ആറ് പോയിൻറുകളുമായി ഒപ്പത്തിനൊപ്പം എത്തി. ചാമ്പ്യൻഷിപ്പിൽ ഇനി രണ്ട് മത്സരങ്ങളാണുള്ളത്.

*******************************************

## GURUVAYOOR

പ്രസിദ്ധമായ ഗുരുവായൂർ ഏകാദശി നാളെ. വിവിധയിടങ്ങളിൽ നിന്നായി പതിനായിരങ്ങൾ ഗുരുവായൂരിലെത്തും. ഏകാദശി ദിവസത്തെ ശ്രീപാർത്ഥസാരഥി ക്ഷേത്രത്തിലേക്കുള്ള കിഴക്കോട്ട് എഴുന്നള്ളിപ്പ് രാവില 6.30 ന് പുറപ്പെടും. ആനയെ പങ്കെടുപ്പിച്ചാകും നാളെ എഴുന്നള്ളിപ്പ്.

*******************************************

## FILM FESTIVAL

29-ാ മത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ ഡെലിഗേറ്റ് സെല്ലും, ഡെലിഗേറ്റ് പാസ്സ് വിതരണവും തിരുവനന്തപുരം ടാഗോർ ഹാളിൽ മന്ത്രി സജി ചെറിയാൻ ഇന്ന് ഉദ്ഘാടനം ചെയ്യും.

*******************************************

*********************

******